**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **05-10-2021 - ൽ മറുപടിയ്ക്ക്**

**റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന ത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു കമ്പനി 2019 മെയ് മാസം രൂപീകരിച്ചിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തു കയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ-ന് രൂപം നൽകിയിരിക്കുന്നത്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ എത്ര ശതമാനം സംസ്ഥാനത്തിനകത്ത് മൂല്യവർധിത ഉൽപ്പന്നമായി മാറ്റുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഇതു സംബന്ധിച്ച കണക്ക് വ്യവസായ വകുപ്പിൽ ശേഖരിച്ചിട്ടില്ല. |
| (സി) | കേരളത്തിലെ റബർ ഉൽപ്പാദനത്തിലെ വളർച്ചയും അത് സമ്പദ് വ്യവസ്ഥയ്ക്ക് നൽകുന്ന നേട്ടവും സംബന്ധിച്ച് വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (സി) | റബ്ബർ അസംസ്കൃത വസ്തുമായി ഉപയോഗിക്കുന്ന വ്യവസായ സംരംഭങ്ങളുടെ സാധ്യത മുന്നിൽ കണ്ട് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ (ESS) റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ (Rubber based industries) മുൻഗണനമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് പൊതുവിഭാഗത്തിന് നൽകുന്നതിൽ നിന്നും 10 % (പരമാവധി 10 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ) അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ് പ്രകാരമുള്ള കണക്കുകൾ അനുസരിച്ച് റബ്ബർ മേഖലയിൽ മുൻ വർഷങ്ങളിൽ താഴെപ്പറയും പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016-17 -102 എണ്ണം 2017-18 - 81 എണ്ണം 2018-19 - 97 എണ്ണം 2019-20 - 79 എണ്ണം 2020-21 - 66 എണ്ണം 2021-22 Aug വരെ - 26 എണ്ണം |

സെക്ഷൻ ഓഫീസർ